

# അരീക്കര എൽ. പി സ്കൂൾ

വള്ളികുന്നം

കായംകുളം ഉപജില്ല

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

2025-2026

## ആമുഖം

ആലപ്പുഴ ജില്ലയുടെ തെക്കേ അറ്റത്ത് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ വള്ളികുന്നം അരീക്കര എൽ. പി. എസ് സ്ഥിതി ചെയ്യുന്നു. മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട ഈ സ്കൂൾ കായംകുളം ഉപജില്ലയുടെ പരിധിയിൽപ്പെടുന്നു.

## സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ചരിത്രത്തിൽ ഇടം നേടിയ വള്ളികുന്നത്തിന്റെ മണ്ണിലാണ് എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. സമൂഹത്തിൽ ജാതിമത വേർതിരുവുകൾ അതിരൂക്ഷമായി നിലനിന്നിരുന്ന ഒരു കാലഘട്ടമായിരുന്നു എങ്കിലും എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും വിദ്യ അഭ്യസിക്കുവാനുള്ള അവസരം എന്ന നിലയിലാണ് ഈ സരസ്വതീക്ഷേത്രം തുടങ്ങിയത്.

വള്ളികുന്നത്തെ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവ്, നിയമസഭാ സാമാജികൻ, സാമൂഹ്യ സാംസ്ക്കാരിക നായകൻ, പത്രപ്രവർത്തകൻ, നാടകകൃത്ത്, അഭിനേതാവ് എന്നീ നിലകളിൽ അറിയപ്പെടുനന കാമ്പിശ്ശേരി കരുണാകരന്റെ പിതാവായ കൊച്ചിക്കാചാന്ദാർ അരീക്കര എന്നറിയപ്പെടുന്ന ഒരു വസ്തുവകയിൽ ആ നാമധേയത്തിൽ തന്നെ 1914-ൽ ഈ വിദ്യാലയം സ്ഥാപിച്ചു. അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്നതിനായി പ്രാരംഭദശയിൽ ഇവിടെ അധ്യാപകരായി പ്രവർത്തിച്ചവർ പുതുവാക്കൽ പരമേശ്വരൻ നായർ, ചെറുന്നിക്കൽ ശങ്കുപ്പിള്ള എന്നിവരാണ്. ആരംഭകാലത്ത് രണ്ട് ക്ലാസ്സുകൾ മാത്രമാണ് ഉണ്ടായിരുന്നത്. കേവലം ഒരു വർഷത്തിനുശേഷം കൊച്ചിക്കാചാന്ദാർ സ്കൂളിന്റെ പൂർണ്ണ ചുമതല ഔദ്യോഗികപരമായി പുതുവാക്കൽ പരമേശ്വരൻനായർക്ക് കൈമാറി. ഇദ്ദേഹം സ്കൂൾ ഇപ്പോൾ നിലനിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി. ഇപ്പോൾ നൂറുവർഷം പിന്നിട്ടു നിൽക്കുകയാണ് ഈ വിദ്യാലയമുത്തശ്ശി. രാഷ്ട്രീയം, സാഹിത്യം, പത്രപ്രവർത്തനം, വൈദ്യശാസ്ത്രം തുടങ്ങി നാനാമേഖലകളിൽ പ്രസിദ്ധരായ പലരും ഈ സരസ്വതീക്ഷേത്രത്തിന്റെ

പ്രശസ്തി ഉയർത്തിയവരാണ്. 1 മുതൽ 4 വരെ ക്ലാസ്സുകളാണ് സ്കൂളിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്നത്.

പഴയകാല വിദ്യലയങ്ങളിൽ മിക്കവയ്ക്കും നേരിടേണ്ടിവന്നതുപോലെയുള്ള വീഴ്ച ഈ സ്കൂളിനും നേരിടേണ്ടി വന്നു. ഏകദേശം 400ൽ അധികം വിദ്യാർത്ഥികളുമായി മൂന്നു ഡിവിഷനുകൾ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം ഇപ്പോൾ അൺഎയ്ഡഡ് സ്കൂളുകളുടെ ആധിക്യം കാരണം കുട്ടികളുടെ എണ്ണത്തിൽ ഭീഷണി നേരിടുകയാണ്. അർപ്പണബോധമുള്ള അധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും പി റ്റി എ യുടേയും കൂട്ടായ യത്നം സ്കൂളിനെ പുരോഗതിയിലേക്ക് നയിക്കാൻ സഹായിക്കുന്നു.

സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം

| വിഭാഗം | 1 | | 2 | | 3 | | 4 | |
|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G |
| 2023-24 | 8 | 13 | 9 | 11 | 17 | 18 | 13 | 11 |
| 2024-25 | 9 | 5 | 9 | 14 | 10 | 13 | 18 | 17 |
| 2025-26 | | | | | | | | |

അധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർ

| | | |
|---|---|---|
| 1 | രാജി എസ്സ് | ഹെഡ് മിസ്ട്രസ് |
| 2 | നിഷാദ് ബി | സീനിയർ അസിസ്റ്റന്റ് |
| 3 | ആഷ് ലി എൻ | അസിസ്റ്റന്റ് |
| 4 | ഫൌസിയ എസ്സ് | അറബിക്ക് |
| 5 | റംസി റ്റി | ഡെയ് ലി വേജസ്സ് |
| 6 | സഫിയത്ത് | പാചകതൊഴിലാളി |
| 7 | ദീപ ഡി | പ്രീപ്രൈമറി ടീച്ചർ |
| 8 | ആശ ഡി | പ്രീപ്രൈമറി ആയ |

## പ്രശ്നങ്ങൾ - വെല്ലുവിളികൾ

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ വള്ളികുന്നം വില്ലേജിൽ തെക്കേ അറ്റം സ്ഥിതിയെച്ചുന്ന ഗ്രാമീണ മേഖലയിലെ ഒരു വിദ്യാലയമാണ് ഞങ്ങളുടേത്. രക്ഷിതാക്കളിൽ ഭൂരിഭാഗവും ഗ്രാമീണ തൊഴിലാളികളാണ്. ഇതിൽ തന്നെ എഴുത്തും വായനയും അറിയാവുന്നവർ കുറവാണ്.

അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പൂർണമായ പിന്തുണ നൽകാൻ ഇവർക്ക് ആകുന്നില്ല.

അക്കാദമിക മികവിന് തടസ്സമായ മറ്റൊരു കാരണം ആധുനിക സാങ്കേതിക വിദ്യകളുടെ കുറവാണ്. സ്കൂൾ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലാപ്ടോപ്പുകളോ പ്രൊജക്ടറുകളോ ഇല്ല.

ക്ലാസിലെ പഠനനേട്ടങ്ങൾ പരിഗണിച്ച് വേണ്ടത്ര പുസ്തകങ്ങൾ ഞങ്ങളുടെ ലൈബ്രറിയിൽ ഇല്ല. ക്ലാസ് മുറികളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് SRG യിൽ വഴി തീരുമാനിക്കുന്നു.

ഉച്ചഭക്ഷണ പരിപാടി നന്നായി പോകുന്നു എങ്കിലും കുട്ടികൾക്ക് ഇരുന്ന് കഴിക്കുന്നതിന് (ഭക്ഷണശാല) ഉള്ള സൗകര്യകുറവ് ഉണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : അരീക്കര എൽ പി എസ്സ്, വള്ളികുന്നം |
| വിലാസം | : വള്ളികുന്നം പി ഒ, വള്ളികുന്നം<br>പിൻ: 690 501 |
| ഫോൺ | : 9400469700, 7306639928 |
| സ്കൂൾ കോഡ് | : 36445 |
| വിദ്യാഭ്യാസ ഉപജില്ല | : കായംകുളം |
| വിദ്യാഭ്യാസ ജില്ല | : മാവേലിക്കര |
| വിദ്യാഭ്യാസ റവന്യു ജില്ല | : ആലപ്പുഴ |
| BRC | : കായംകുളം |
| CRC | : GLPS Elippakulam |
| ഗ്രാമ പഞ്ചായത്ത് | : വള്ളികുന്നം |
| ബ്ലോക്ക് പഞ്ചായത്ത് | : ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | : ആലപ്പുഴ |
| താലൂക്ക് | : മാവേലിക്കര |
| വില്ലേജ് | : വള്ളികുന്നം |
| ഇ മെയിൽ | : areekkaralpsvklm@gmail.com |

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. LKG മുതൽ 4-ാം ക്ലാസുവരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആകുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ (വിദ്യാലയത്തിന്റെ ലഘുചിത്രം സ്കൂളിന്റെ സ്ഥാപനം, വികാസപരിണാമഘട്ടങ്ങൾ പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ വ്യത്യസ്തതയാർന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള സൂചനകൾ തുടങ്ങിയവ)

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. പാഠ്യ പാഠ്യേതരപ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങ്യ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തതിനുള്ള സാഹചര്യം ഒരുക്കൽ
3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
4. ലോകത്തെവിടെയും സമാനപ്രായകുട്ടികൾ ആർജിതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ
5. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

## പദ്ധതി രൂപീകരണപ്രക്രിയ - വിവിധഘട്ടങ്ങൾ

1. SRG യോഗത്തിൽ അഭീക്കരെ വിഷൻ 2026 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസന ആവശ്യങ്ങൾ ക്ലാസ്സ്/വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടുരൂപരേഖ തയ്യാറാക്കൽ
3. കരടുരൂപരേഖ, SRG, SMC, PTA, MTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. PTA നേതൃത്വത്തിൽ ക്രോഡീകൃതപദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അടിസ്ഥാന വിശകലനം

1. ഭൗതീകം - നേട്ടങ്ങൾ

a) അടച്ചുറപ്പുള്ള ക്ലാസുമുറികൾ
   ഇലക്ട്രിഫിക്കേഷൻ - ഫാൻസൗകര്യം

b) ഭൗതീകം - പരിമിതികൾ

സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള മുറികളില്ല.

ശൗചാലയം ആധുനികരീതിയിൽ ഉള്ളതാണെങ്കിൽ എണ്ണത്തിൽ കുറവുണ്ട്.

ചുറ്റുമതിൽ പൂർണ്ണമല്ല

ഭോജനശാല ആവശ്യമാണ്

ഓപ്പൺ എയർസ്റ്റേജ് ആവശ്യമാണ്

വിശാലമായ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്

## അക്കാദമിക നേട്ടങ്ങൾ

ജില്ല-ഉപജില്ലാതലങ്ങളിൽ നടത്തുന്ന ക്വിസ് പ്രോഗ്രാമുകൾ, കടങ്കഥാ മത്സരങ്ങൾ, വിദ്യാരംഗം, കലാസാഹിത്യവേദികൾ, ശാസ്ത്ര ഗണിതശാസ്ത്രമേളകൾ, കലോത്സവങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും കുട്ടികൾ എ ഗ്രേഡ് നേടുകയും ചെയ്യുന്നുണ്ട്. മുൻ വർഷങ്ങളിൽ തുടർച്ചയായി അറബിക് കലോത്സവത്തിൽ ഓവർ ഓൾ ട്രോഫിയും നേടിയിട്ടുണ്ട്.

### അക്കാദമികം - പരിമിതികൾ

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കലാകായിക അധ്യാപകരുടെ സേവനം ആവശ്യമാണ്.

### മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം ഗണിതശേഷി വകസനം ഇംഗ്ലീഷ് പഠനപരിപോഷണം, ശ്സാത്രപോഷണ പരിപാടി, വായന പരിപോഷിപ്പിക്കൽ, ലൈബ്രറി ശാസ്തീകരണം, പ്രതിഭാപോഷണ പരിപാടി ജൈവവൈവിധ്യ പാർക്ക് പഠനയാത്രകൾ, അധ്യാപക ശാക്തീകരണ പരിപാടി ക്ലാസ് പി.റ്റി. എ പ്രവൃ | ചുറ്റുമതിൽ കളിസ്ഥലം ചിൽഡ്രൻസ് പാർക്ക് ക്ലാസുമുറികൾ ഓഫീസ് മുറി, സ്റ്റാഫ്മുറി, വിശ്രമ മുറി, കമ്പ്യൂട്ടർമുറി, ലൈബ്രറി,, അടുക്കള ഡൈനിംങ് ഹാൾ, കുടിവെള്ള വിതരണം, മാലിന്യ സംസ്ക്കരണംടോയ്ലെറ്റ്, ഭാഷോത്സവം, ഗണിതോത്സവം, ലൈബ്രറി അടുക്കള ഡൈനിംങ്ഹാൾ കുടിവെള്ള വിതരണം | PTA ശക്തപ്പെടുത്തൽ വിദ്യാലയ വികസനസമിതി പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം പൂർവ്വഅധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ ക്ലബ്ബുകൾ ജാഅ മാതൃകാപഠനമാക്കുന്നതിനുള്ളനടപടികൾ വിദ്യാലയമികവുകൾ, പൊതുസമൂഹവുമായി പങ്കിടൽ, ഭവനസന്ദർശനം Class PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ, |

| | | |
|---|---|---|
| ത്തിപരിചയപഠനം ഒന്നാംക്ലാസ്സ് ഒന്നാംതരം SRG ശാക്തീകരണം പച്ചക്കറിത്തോട്ടം മെഡിക്കൽ ക്യാമ്പ് പോഷകാഹാര പരിപാടി ഗണിതലാബ് ഗണിതാന്തരീക്ഷം ഒരുക്കൽ ടേം മൂല്യനിർണയം നിരന്തരം വിലയിരുത്തൽ ദിനാചരണം | മാലിന്യ സംസ്ക്കരണം ടോയ്ലെറ്റ് ഭാഷോത്സവം ഗണിതോത്സവം മെട്രിക് മേള | വിദ്യാലയമികവുകൾ, പൊതുസമൂഹവുമായി പങ്കിടൽ ഭവനസന്ദർശനം |

പ്രവർത്തനം- 1

പ്രവർത്തനത്തിന്റെ പേര്- ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരുദിവസം കുട്ടികൾ അസംബ്ലിയിൽ എല്ലാപരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകാൻ ഓരോ ക്ലാസിനും ഇടവിട്ട് അവസരം നൽകൽ | ആഴ്ചയിലൊരിക്കൽ ചുമതല ക്ലാസ്ടീച്ചർ സാമ്പത്തിക വിശകലനം |

മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ വായനസാമഗ്രികളുടെ നിർമ്മാണം | കഥ, കവിത, കടങ്കഥകൾ, നാടൻപാട്ടുകൾ എന്നിവ സംഘടിപ്പിക്കൽ | അസംബ്ലിയിൽ ഒരുദിവസം | വിദ്യാരംഗം കലാസാഹിത്യവേദി |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവതരിപ്പിക്കുന്നു. | അതതുദിനങ്ങൾ | SRG |

## ക്ലാസ്സ് പി.റ്റി.എ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനംകൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.റ്റി.എ പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം | പ്രതിമാസം | ക്ലാസ്സ് ടീച്ചർ |

# പോഷകാഹാര പരിപാടി

## അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ളശരീരം പഠനത്തിനനുവാര്യം | ആഴ്ചയിൽ ഓരോ ദിവസവും മെനു വെച്ച് പോഷണ സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാപ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, നൂൺഫീഡിംഗ് കമ്മിറ്റി അംഗങ്ങൾ | വിദ്യാഭ്യാസ വകുപ്പ് |

## ചുറ്റുമതിൽ കവാടം

| ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| സുരക്ഷിതമായി സ്കൂൾ ക്യാമ്പസിനെ സംരക്ഷിക്കൽ | മൂന്നുവർഷത്തിനുള്ളിൽ | സ്കൂൾ മാനേജർ | സ്കൂൾ മാനേജർ |

## ശൗചാലയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം | കുട്ടികളുടെ എണ്ണത്തിനനുസരിച്ചു നിർമ്മിക്കൽ | 2 വർഷം | PTA | പൂർവവിദ്യാർത്ഥികൾ |

വിഷയം – പരിസര പഠനം

| ലക്ഷ്യം | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| പരിസ്ഥിതിയെ നന്നായി അറിയുക | പഠനകാലം മൊത്തം | പഠന പ്രവർത്തനങ്ങൾക്കൊപ്പം Field Trip, ലഘു പരീക്ഷണങ്ങൾ, ശാസ്ത്രമേളകൾക്ക് തയ്യാറാക്കൽ, ചുവർചിത്രങ്ങൾ തയ്യാറാക്കൽ പരിസര നിരീക്ഷണം | ക്ലാസ് ടീച്ചർ |

വിഷയം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനം ഉല്ലാസപ്രദവും, കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക | വിവിധതരം ഗണിത കേളികളിൽ ഏർപ്പെടൽ, ഗണിതോത്സവം, ഗണിത ശില്പശാല, ഗണിതാശയ രൂപീകരണം, ജീവിത ഗണിത പ്രോജക്ടുകൾ, തയ്യാറാക്കി ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു | പഠനകാലം മൊത്തം | ഗണിത അധ്യാപകർ, SRG, SSA |

വിഷയം – കലാ-കായിക പ്രവർത്തി പരിചയം

| ലക്ഷ്യം | കാലം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| കലാ-കായിക പ്രവർത്തി പരിചയം | പഠനകാലം മൊത്തം | കലാ-കായിക പ്രവർത്തി പരിചയമുള്ള അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ നേതൃത്വത്തിൽ സ്കൂളിൽ പഠനം, ബാലസഭ, സ്കൂൾ അസംബ്ലി | പിറ്റി എ |

വിഷയം – പഠനയാത്ര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനഭൂതിയിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹിക ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര | വർഷത്തിൽ ഒരിക്കൽ | പിറ്റി എ | രക്ഷിതാക്കളുടെ പങ്ക് |

വിഷയം – പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സമൃദ്ധിയെ വീണ്ടടുക്കൽ | വിദ്യാലയത്തിലെ സൌകര്യപ്രദമായ സ്ഥലത്ത് | വർഷത്തിൽ രണ്ടുതവണ | SRG, SSA | തൊഴിലുറപ്പ് പദ്ധതി |